**പതിനാലാം കേരള നിയമസഭ**
**പതിനാറാം സമ്മേളനം**

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.1586** **01/11/2019- ൽ മറുപടിയ്ക്ക്**

**കാർഷിക ഉല്പന്നങ്ങൾക്ക് വിലത്തകർച്ച**

| ചോദ്യം | ഉത്തരം |
|---|---|
| **ശ്രീ.കെ.എൻ.എ ഖാദർ** | **ശ്രീ. വി.എസ്. സുനിൽ കുമാർ (കൃഷി വകുപ്പ് മന്ത്രി)** |
| (എ) കേരളത്തിലെ കൃഷികളായ റബ്ബർ, കുരുമുളക്, ഏലം തുടങ്ങിയവയുടെ വിലത്തകർച്ച കാരണം കേരളത്തിന്റെ കാർഷിക മേഖലയിൽ വരുന്ന തകർച്ചയും കർഷകർ അനുഭവിക്കുന്ന ദുരിതവും പരിഹരിക്കാൻ ഈ സർക്കാർ സ്വീകരിച്ച നടപടികൾ വിശദമാക്കുമോ; | (എ) കേരളത്തിലെ സുഗന്ധ വിളകളുടെ പ്രോത്സാഹനത്തിനായി വിവിധ പദ്ധതികൾ സർക്കാർ നടപ്പാക്കി വരുന്നുണ്ട്. സുഗന്ധ വിളവികസന പദ്ധതി പ്രകാരം കുരുമുളക് കൃഷി പ്രോത്സാഹനത്തിനായി കുരുമുളക് തോട്ടങ്ങളുടെ പുനരുജ്ജീവനം, കുരുമുളക് തോട്ടത്തിന്റെ കൃഷി വ്യാപനം എന്നീ പദ്ധതികൾക്ക് പുറമേ ഇടുക്കി പാക്കേജ്, വയനാട് പാക്കേജ് മുഖേനയും വിവിധ പദ്ധതികൾ സർക്കാർ ആവിഷ്കരിച്ച് നടപ്പാക്കുന്നുണ്ട്.<br>റബ്ബർ കൃഷി പ്രോത്സാഹിപ്പിക്കുന്നതിനും, റബ്ബറിന്റെ വിലതകർച്ച പ്രതിരോധിക്കുന്നതിനും സർക്കാർ റബ്ബർ വില സ്ഥിരതാ പദ്ധതി നടപ്പാക്കി വരുന്നുണ്ട്. കിലോയ്ക്ക് 150 രൂപയാണ് റബ്ബർ പ്രൊഡക്ഷൻ ഇൻസന്റീവ് ആയി നല്കുന്നത്. |
| (ബി) കാർഷിക ഉല്പന്നങ്ങൾക്ക് ന്യായമായ വില ലഭിക്കുന്നതിന് സർക്കാർ നടത്തിയ ഇടപെടലുകൾ അറിയിക്കുമോ; കേന്ദ്ര സർക്കാർ ആർ.സി.ഇ.പി. വ്യാപാരക്കരാർ ഒപ്പിടുന്ന പക്ഷം കേരളത്തിൽ അനുഭവപ്പെടുന്ന ഈ ദുരിതത്തിന്റെ ആഘാതം വർദ്ധിക്കുമെന്ന് വിലയിരുത്തിയിട്ടുണ്ടോ; ഇതിനെ മറികടക്കാൻ എന്ത് നടപടികളാണ് | (ബി) കർഷകരുടെ ഉല്പന്നങ്ങൾക്ക് ന്യായവില ഉറപ്പാക്കാൻ ആവശ്യമായ വിവിധ പദ്ധതികൾ കൃഷി വകുപ്പ് നിലവിൽ ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്നുണ്ട്.<br>2019-20 സാമ്പത്തിക വർഷം കേന്ദ്ര സർക്കാർ നെല്ലിന് പ്രഖ്യാപിച്ചിരിക്കുന്ന കിലോയ്ക്ക് 18.15 രൂപ എന്ന താങ്ങുവിലയ്ക്ക് പുറമേ സംസ്ഥാന സർക്കാർ ഇൻസന്റീവ് ബോണസ്സായി നല്കുന്ന കിലോയ്ക്ക് 8.80 രൂപ എന്ന ക്രമത്തിൽ ആകെ 26.95 രൂപ കിലോയ്ക്ക് നല്കുന്നുണ്ട്.<br>പച്ച തേങ്ങ സംഭരണം പുനരാരംഭിക്കുവാൻ തത്വത്തിൽ തീരുമാനം എടുക്കുകയും കേരഫെഡിനെ പച്ചതേങ്ങ സംഭരണത്തിന്റെ സംസ്ഥാനതല നോഡൽ ഏജൻസിയായി തെരഞ്ഞെടുക്കുകയും ചെയ്തിട്ടുണ്ട്. പച്ചത്തേങ്ങ കിലോ ഒന്നിന് 27/- രൂപ |

| | |
|---|---|
| സ്വീകരിക്കാനുദ്ദേശിക്കുന്നത്; വ്യക്തമാക്കുമോ? | എന്ന നിരക്കിൽ സംഭരിക്കുവാൻ ടി സംവിധാനം ഏർപ്പെടുത്തിയിരിക്കുന്നത്. |

കേരളത്തിലെ റബ്ബർ കർഷകരെ വിലത്തകർച്ചയിൽ നിന്നും സംരക്ഷിക്കുന്നതിനായി റബ്ബർ ഉല്പാദക ഇൻസന്റീവ് പദ്ധതിയും നടപ്പിലാക്കി വരുന്നുണ്ട്. റബ്ബർ ഷീറ്റ്/ ലാറ്റക്സിന്റെ പ്രതിദിന വിലയെ അടിസ്ഥാനമാക്കിയാണ് ഇൻസെന്റീവ് നിശ്ചയിക്കുന്നത്. അടിസ്ഥാനവില കിലോഗ്രാമിന് 150/- രൂപയാണ്. വിപണിവില ടി വിലയിൽ നിന്നും താഴുമ്പോൾ ഉണ്ടാകുന്ന വില വ്യത്യാസം ആണ് ഇൻസന്റീവ് ആയി റബ്ബർ ഉല്പാദക സമിതികളിൽ രജിസ്റ്റർ ചെയ്തിരിക്കുന്ന കർഷകർക്ക് നല്കിവരുന്നത്.

ഇത് കൂടാതെ പഴം-പച്ചക്കറി കർഷകരെ സഹായിക്കുന്നതിനായി കൃഷി വകുപ്പ് പച്ചക്കറി വികസന പദ്ധതി, വിപണി വികസന പദ്ധതി, ജൈവകൃഷി പദ്ധതി എന്നീ പദ്ധതികൾ മുഖേന 1131 വിപണികൾ സംസ്ഥാനത്തുടനീളം പ്രവർത്തിപ്പിക്കുന്നുണ്ട്. കർഷകർക്ക് ഉല്പന്നങ്ങൾക്ക് മെച്ചപ്പെട്ട വില ലഭിക്കുന്നതിനും ഉപഭോക്താക്കൾക്ക് ന്യായവിലയ്ക്ക് വിഷരഹിതവും ശുദ്ധവുമായ പച്ചക്കറികളും ഈ വിപണികൾ ഉറപ്പാക്കുന്നു.

കേന്ദ്ര സർക്കാർ ആർ.സി.ഇ.പി. വ്യാപാരക്കരാർ ഒപ്പിടുന്ന പക്ഷം കേരളത്തിൽ അനുഭവപ്പെടുന്ന ദുരിതത്തിന്റെ ആഘാതം വർദ്ധിക്കുമെന്നാണ് കണക്ക് കൂട്ടിയിട്ടുള്ളത്.

സംസ്ഥാനങ്ങളുടേയും, ജനങ്ങളുടേയും എതിർപ്പ് അവഗണിച്ച് കൊണ്ട് നടപ്പിലാക്കാൻ പോകുന്ന കരാറിൽ പ്രതിഷേധിച്ച് '' RCEP കരാറും - കേരളവും '' എന്ന വിഷയത്തിൽ 28/10/2019-ൽ തിരുവനന്തപുരത്ത് വച്ച് ഒരു പ്രതിഷേധ കൂട്ടായ്മ സംഘടിപ്പിക്കുകയുണ്ടായി. ബഹു. കൃഷി വകുപ്പ് മന്ത്രിയുടെ അദ്ധ്യക്ഷതയിൽ ബഹു. മുഖ്യ മന്ത്രി പ്രസ്തുത ശിൽപ്പശാല ഉത്ഘാടനം നിർവ്വഹിക്കുകയും, ബഹു. പ്രതി പക്ഷ നേതാവ് , ബഹു. ധനകാര്യവും കയറും വകുപ്പ് മന്ത്രി, ബഹു. വ്യവസായ വകുപ്പ് മന്ത്രി, ബഹു. ജലസേചന വകുപ്പ് മന്ത്രി, ബഹു. ഫിഷറീസ് വകുപ്പ് മന്ത്രി, ബഹു. മൃഗ സംരക്ഷണ ക്ഷീര വികസന വകുപ്പ് മന്ത്രി , വിവിധ രംഗങ്ങളിലെ വിദഗ്ധർ എന്നിവരേയും പങ്കെടുപ്പിച്ചു കൊണ്ട് നടത്തിയ ശിൽപ്പശാലയിൽ 3,000-ത്തിൽ അധികം കർഷകർ പങ്കെടുക്കുകയും ചെയ്തു. കാർഷിക മേഖല, മൃഗസംരക്ഷണ - ക്ഷീര

മേഖല, മത്സ്യ, ബന്ധന മേഖല, വ്യവസായ മേഖല , ആരോഗ്യ മേഖല, ചെറുകിട വ്യവസായ വ്യാപാര മേഖല എന്നീ മേഖലകളടെ തകർച്ചയും അതുമൂലമുണ്ടാകുന്ന തൊഴിൽ നഷ്ടവുമാകും കരാറിന്റെ ആകെത്തുക എന്നിരിക്കെ നിയന്ത്രണങ്ങളും നികുതിയുമില്ലാതെ സംസ്ഥാനങ്ങളുടെയും, ജനങ്ങളുടെയും എതിർപ്പ് അവഗണിച്ച് നടപ്പിലാക്കുവാൻ പോകുന്ന തരത്തിലുള്ള ആർ.സി .ഇ. പി. കരാർ ഇന്ത്യൻ സമ്പദ് ഘടന തകർക്കും എന്നതിനാൽ ഈ കരാറിൽ നിന്നും ഇന്ത്യ പിൻവാങ്ങണം എന്ന് ഏകകണ്ഠമായി ആവശ്യപ്പെടുകയുണ്ടായി.

Sreelatha

**സെക്ഷൻ ഓഫീസർ**